(ജി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വന്തമായി ഗോഡൗണുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി, ഡി) ഇല്ല. എന്നാൽ കാലപ്പഴക്കംകൊണ്ട് കേടുപാടുകൾ സംഭവിച്ച വഴിച്ചേരി ഗോഡൗൺ ഉപയോഗിക്കാൻപറ്റാതെ കിടക്കുന്നുണ്ട്.

(ഇ) മേഖല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു;

മേഖല	വാടക (ഒരു ചതുരശ്ര അടിയ്ക്ക്)
തിരുവനന്തപുരം	2 രൂപ
കോട്ടയം	2.56 രൂപ
എറണാകുളം	2.41 രൂപ
പാലക്കാട്	2.42 രൂപ
കോഴിക്കോട്	3.05 രൂപ

(എഫ്) ഇതുസംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

	ജനറൽ	സർക്കാർ സ്ഥാപനങ്ങൾക്ക്
1. തറ വാടക (ചതുരശ്ര അടിയ്ക്ക്)	4.47 രൂപ	3.58 രൂപ
2. അനുബന്ധചെലവുകൾ	2.85 രൂപ	2.85 രൂപ
ആകെ	7.32 രൂപ	6.43 രൂപ

(ജി, എച്ച്) സ്വന്തമായി ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഗോഡൗണുകൾ നിർമ്മിച്ചിട്ടുണ്ട്. മാനന്തവാടി, മൂന്നാർ, കുട്ടിക്കാനം, തലശ്ശേരി, കൊട്ടാരക്കര, വെല്ലിംഗ്ടൺ ഐലന്റ് എന്നിവിടങ്ങളിൽ ഇങ്ങനെ ഗോഡൗണുകൾ പണിതിട്ടുണ്ട്.

പഴക്കംചെന്ന അരിയുടെ വിതരണം തടയാൻ നടപടി

67 [3329] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(ബി) അരി തരംതിരിക്കുന്നതിന് അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വളരെ പഴക്കംചെന്ന അരി പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്നതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ പുതിയഅരി വിതരണംചെയ്യാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ, ബി) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരി ഫെയർ ആവറേജ് ക്വാളിറ്റിയിൽ (എഫ്.എ.ക്യു) പെടുന്നതാണ്. അരിയുടെ കേട്, പൊട്ടൽ, നിറം, ജലാംശം എന്നിവയും ഉമി, തവിട്, മോശപ്പെട്ട ഇനം മറ്റുവസ്തുക്കൾ എന്നിവയുടെ കലർപ്പ് എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് ഗുണനിലവാരം നിശ്ചയിക്കുന്നത്.

(സി) മൂന്നുവർഷത്തിൽ കുറഞ്ഞ പഴക്കം ഉള്ള അരിയാണ് വിതരണത്തിന് ലഭിക്കുന്നത്.

(ഡി) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ഇപ്പോൾ സ്വീകരിച്ചുവരുന്ന ഫസ്റ്റ് ഇൻ ഫസ്റ്റ് ഔട്ട് സിസ്റ്റം ഒഴിവാക്കി പുതിയ അരി വിതരണം ചെയ്യണമെന്ന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയോടും കേന്ദ്രസർക്കാരിനോടും നിരന്തരം ആവശ്യപ്പെടുന്നുണ്ട്.

ഒൻപതാം പദ്ധതികാലത്ത് കാർഷിക രംഗത്തുണ്ടായ വളർച്ച

68 [3345] ശ്രീ. വർക്കല കഹാർ:
,, എ. കെ. മണി:
,, ടി. വി. ചന്ദ്രമോഹൻ:
,, കെ. എ. ചന്ദ്രൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപതാം പദ്ധതിക്കാലത്ത് കാർഷികരംഗത്ത് പ്രതീക്ഷിച്ച വളർച്ച എത്ര ശതമാനമായിരുന്നു;

(ബി) പ്രസ്തുത പദ്ധതിക്കാലത്ത് യഥാർത്ഥത്തിലുണ്ടായ വളർച്ച എത്ര ശതമാനമായിരുന്നു;

(സി) ഈ രംഗത്ത് പ്രതീക്ഷിച്ച വളർച്ച ഉണ്ടാകാത്തപക്ഷം അതിനുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ഒമ്പതാം പദ്ധതിക്കാലത്ത് കാർഷികരംഗത്ത് പ്രതീക്ഷിച്ച വളർച്ച 3 ശതമാനവും യഥാർത്ഥത്തിലുണ്ടായ വളർച്ച 2.54 ശതമാനവും ആയിരുന്നു.

(സി) പ്രധാന വിളകളായ നാളികേരം, റബ്ബർ, കശുവണ്ടി, കുരുമുളക് എന്നിവയുടെ ഭീമമായ വിലതകർച്ചയായിരുന്നു പ്രധാന കാരണം.

LIBRARY ARCHIVES Kerala Legislative Assembly